MR. MANNATHU PADMANABHA PILLAI: സർ, ഈ പ്രമേയത്തെപ്പറ്റി എനിക്കു രണ്ടുവാക്കു പറയുവാനുണ്ട്. അതിനുമുൻപു മി. നേശമണി എന്താണു പറഞ്ഞതെന്നറിഞ്ഞാൽ കൊള്ളാം.

MR. PRESIDENT: ഇപ്പോൾ മി. നേശമണി കൊണ്ടുവന്ന പ്രമേയത്തിനു ഒരു ഭേദഗതി മി. രാമകൃഷ്ണപിള്ള കൊണ്ടുവന്നു. ആ ഭേദഗതി മി. നേശമണി സ്വീകരിച്ചു. ഇപ്പോൾ അങ്ങനെ ഭേദഗതിചെയ്യപ്പെട്ട പ്രമേയമാണു സഭയുടെ മുൻപിലിരിക്കുന്നതു്. ആ പ്രമേയത്തെപ്പറ്റി നിങ്ങൾക്കു എന്തെങ്കിലും പറയാനുണ്ടെങ്കിൽ പറയാം.

MR. MANNATHU PADMANABHA PILLAI: എനിക്കു ഈ പ്രമേയത്തെപ്പറ്റി എതിർപ്പുണ്ടെങ്കിലും ബഹുമാന്യനായ മി. നേശമണി ഭേദഗതി സ്വീകരിച്ചിരിക്കുന്ന നിലയ്ക്കു ഞാൻ എതിർക്കുന്നില്ല. ഇതുസംബന്ധിച്ചു ഒരു കാര്യം മാത്രമേ എനിക്കു പറയാനുള്ളൂ. പ്രധാനമന്ത്രി വളരെ സൂക്ഷിച്ചാണു സംസാരിച്ചിരിക്കുന്നതു്. എല്ലാവരുടെയും മതപരമായ അവകാശങ്ങൾ സംരക്ഷിക്കപ്പെടണമെന്നുള്ള അഭിപ്രായക്കാരനാണു ഞാൻ. പക്ഷേ എന്തെങ്കിലും ഒരു കൂട്ടരെ രക്ഷിക്കാൻപോകുമ്പോൾ മറ്റുള്ളവരെ കുഴിച്ചുമൂടണം എന്നർത്ഥമില്ലല്ലോ. ഗവണ്മെൻറ് ആ നയം അവലംബിക്കുകയില്ലാ എന്നു മി. നേശമണിയെപ്പോലെ ഞാനും വിശ്വസിക്കുന്നു.

The resolution, as amended, was put to vote and carried.

Resolution No 3 Re-land possession.

MR. K. P. NEELAKANTA PILLAI: സർ, ഇതാണു എന്റെ പ്രമേയം.

This Assembly recommends to Government that the total area of land a family could possess shall be laiddown not to exceed 25 acres including garden and wet lands and the remaining land in the State shall forthwith be appropriated by the Government and made available for registry to the landless poor who shall not be given more than 5 acres per family,

ഈ പ്രമേയത്തിന്റെ ഒരു മലയാളതർജ്ജിമകൂടി ഞാൻ പറയാം. "ഈ സഭ ഗവണ്മെൻറിനോടു്, തിരുവിതാംകൂറിൽ ഒരു കുടുംബത്തിൽ ഉണ്ടാകാവുന്നതോ അല്ലെങ്കിൽ കൈവശം വച്ചുകൊണ്ടിരിക്കാവുന്നതോ ആയ നിലങ്ങളും പുരയിടങ്ങളും ഉൾപ്പെടെ ഒരു ഏക്കറിൽ കൂടുതൽ പാടില്ലെന്നു ഒരു നിയമം ഉണ്ടാക്കണമെന്നും, ബാക്കി കൈവശം വച്ചുകൊണ്ടിരിക്കുന്ന ഭൂമിയെല്ലാം ഗവണ്മെൻറ് കൈവശപ്പെടുത്തി ഭൂമിയില്ലാത്ത സാധുക്കൾക്കു ഒരു കുടുംബത്തിനു് ഈ ഏക്കറിൽ കൂടുതലല്ലാത്ത നിരക്കിനു് വീതിച്ചുകൊടുക്കണമെന്നും ശുപാർശചെയ്യുന്നു."

LIBRARY ARCHIVES Kerala Legislative Assembly

ഇതാണ പ്രമേയം. സർ, ഞാൻ മലയാളത്തിൽ പറഞ്ഞതിൽനിന്നു തന്നെ ഈ പ്രമേയത്തിൽ അടങ്ങിയിട്ടുള്ള സംഗതികളെല്ലാം ഈ സഭയിലെ എല്ലാ അംഗങ്ങൾക്കും മനസ്സിലായിരിക്കുമെന്നാണ എന്റെ വിശ്വാസം.

MR. N. DANIEL JOSE: Will there be sufficient land for distribution according to the suggestion of Mr. Nilakanta Pillai. Will the member please enlighten the point?

MR. K. P. NEELAKANTA PILLAI: Without any embarrassment I should be allowed to proceed. For the present I would request my friend to read the resolution and understand that I have not undertaken to distribute the lands for the landless.

MR. C. NARAYANA PILLAI: മൂന്നു അംഗമുള്ള കുടുംബത്തിനും അഞ്ചു അംഗമുള്ള കുടുംബത്തിനും 5 @ ഏക്കർ സ്ഥലം കൊടുക്കാമോ?

MR. K. P. NILAKANTA PILLAI: ഞാൻ കുടുംബം എന്നു പറഞ്ഞതു ഫൻർ ഫ-ലെ സെൻസസു അനുസരിച്ചുള്ള കുടുംബമാണ്. ആ സെൻസസിൽ ഒരു കുടുംബത്തിൽ ശരാശരി @അര ആളുകൾ താമസിക്കുന്നുണ്ടെന്നാണ് പറഞ്ഞിരിക്കുന്നതു്. അപ്പോൾ ഒരു കുടുംബത്തിൽ അഞ്ചോ ആറോ ആളെ എന്നു കണക്കാക്കാം. അഞ്ചാളുകളിൽക്കൂടാത്ത അംഗങ്ങളുള്ള ഒരു കുടുംബത്തിൽ എന്നാണ ഇവിടെ ഒരു കുടുംബം എന്നു വച്ചാൽ അർത്ഥം.

MR. DANIEL JOSE: May I know, Sir, what is the minimum extent of land that the member envisages for distribution? The maximum is 5 acres and the minimum is what?

MR. K. P. NEELAKANTA PILLAI: പ്രമേയത്തിൽത്തന്നെ @ ഏക്കറിൽ കൂടുതൽ കൊടുക്കരുതെന്നു പറഞ്ഞിരിക്കുന്ന നിലയ്ക്കു ഈ ചോദ്യത്തിന്റെ ആവശ്യമില്ല.

MR. DANIEL JOSE: That is why I ask which is the minimum for distribution?

MR. K. P. NEELAKANTA PILLAI: മിനിമം എത്രയും ആകാം; രണ്ടേക്കറോ ഒരേക്കറോ ആകാം.

MR. N. V. CHACKO: അപ്രോപ്രിയേഷൻ എന്നു പറഞ്ഞാൽ വിലയ്ക്കു വാങ്ങുക എന്നാണോ അർത്ഥം?

MR. K. P. NEELAKANTA PILLAI: എന്നർത്ഥമില്ല. ഒരു സംപ്രദായത്തിൽ അങ്ങെടുക്കുക എന്നേ ഞാൻ ഉദ്ദേശിച്ചിട്ടുള്ളൂ.

HON'BLE MR. T. K. NARAYANA PILLAI: അപ്രോപ്രിയേഷൻ എന്നു പറഞ്ഞാൽ ബലാൽക്കാരത്തിൽ എടുക്കുക എന്നാണർത്ഥം.

LIBRARY ARCHIVES Kerala Legislative Assembly

MR. K. P. NEELAKANTA PILLAI : ബലാൽക്കാരം എന്നു ഞാൻ ഉദ്ദേശിച്ചിട്ടില്ല. ബലാൽക്കാരംകൂടാതെ ഗവണ്മെൻറു വസ്തു എങ്ങനെയെങ്കിലും കൈവശപ്പെടുത്തണമെന്നോ ഞാൻ ഉദ്ദേശിച്ചിട്ടുള്ളൂ.

MR. P. M. VARGHESE : ഈ ആൾക്കിലും ഭൂമിവേണ്ടാ എന്നുണ്ടെങ്കിൽ അയാൾക്കു കൊടുക്കണമെന്നുണ്ടോ ?

MR. K. P. NILAKANTA PILLAI : ആർക്കും നിർബന്ധിച്ചു കൊടുക്കണമെന്നില്ല.

MR. K. M. KORA : അപ്രോപ്രിയേഷൻ എന്നു പറഞ്ഞിരിക്കുന്നതു ഈ വസ്തുക്കളെല്ലാംഗവണ്മെൻറു വിലയ്ക്കു് എടുക്കണമെന്നു വിചാരിച്ചാണോ?

MR. K. P. NEELAKANTA PILLAI : അപ്രോപ്രിയേഷൻ എന്ന വാക്കിനു ഇംഗ്ലീഷിൽ എന്തർത്ഥമുണ്ടോ, ആ അർത്ഥത്തിൽതന്നെയാണു ഞാൻ ഉപയോഗിച്ചിരിക്കുന്നതു്.

MR. PONNARA G. SREEDHAR : എക്സ്പ്രാപ്രിയേഷൻ എന്ന അർത്ഥത്തിലല്ലല്ലൊ ?

MR. K. P. NEELAKANTA PILLAI : അല്ല. സർ, ഇതിൻെറ ഉദ്ദേശമെന്താണെന്നു ഈ അസംബ്ലിയിലുള്ള സകല അംഗങ്ങൾക്കും അറിയാം. ഈ അസംബ്ലി തുടങ്ങിയനാൾ മുതലും അതിനു പന്ത്രണ്ടുകൊല്ലം മുൻപു മുതലും ഈ പ്രമേയത്തിൽ അടങ്ങിയിട്ടുള്ള തത്വങ്ങൾ നാം നാടൊട്ടുക്കു പ്രസംഗിച്ചു നടന്നിട്ടുണ്ടു്.

MR. K. RAMACHANDRAN : ഈ പ്രമേയം വ്യക്തികർഷകരുടെ ലാൻറു മൊണാപ്പളിയെ ഇല്ലാതാക്കുവാൻ വേണ്ടിയാണോ ?

MR. K. P. NEELAKANTA PILLAI : എൻെറ പ്രസംഗം മുഴുവൻ കേട്ടു കഴിഞ്ഞാൽ മെംബർക്കു സംശയനിവൃത്തിവരുന്നതാണു്. നിലവും പുരയിടവുമായി ഒരു കുടുംബത്തിനു ൫ ഏക്കർ അനുവദിക്കാവുന്നതാണു്. ൫ ഏക്കറിൽക്കൂടുതൽ സ്വത്തുള്ള ഒരു കുടുംബത്തിൽനിന്നു ബാക്കിയുള്ള സ്ഥലമെടുത്തു ഗവണ്മെൻറു കൈവശപ്പെടുത്തി, ഭൂമിയില്ലാതെ ഈ രാജ്യത്തുള്ള സാധുക്കർഷകരുടെ ഒരു കുടുംബത്തിനു ൫ ഏക്കറിൽ കവിയാത്ത തോതിൽ കൊടുക്കണമെന്നാണു ഈ പ്രമേയം. സർ, സ്റ്റേറ്റു് കാൺഗ്രസ്തന്നെ അതിൻെറ പ്രകടനപത്രികയിൽ താഴെ പറയുന്ന ഒരു നിർദ്ദേശം സ്വീകരിച്ചിട്ടുണ്ടു്. ഭൂമിയെ സംബന്ധിച്ചു് സ്വകാര്യ ഉടമ അംഗീകരിക്കേണ്ടതാണെന്നുള്ള തത്വം അംഗീകരിക്കുന്നതോടുകൂടിത്തന്നെ പൊതുജനക്ഷേമം കൈവരുത്താനും സമഗ്രവും സുഘടിതവുമായ സാമ്പത്തികനില പരിപാലിക്കുവാനും ഭൂമിയുടെ പരിമിതി നിർണ്ണയിക്കുന്നുമാണു്."

LIBRARY ARCHIVES Kerala Legislative Assembly

MR. MANNATHU PADMANABHA PILLAI : ഇതു എവിടെ നിന്നാണ് വായിക്കുന്നത് ?

MR. K. P. NEELAKANTA PILLAI : സ്റ്റേറുകാൺഗ്രസ് പ്രകടനപത്രികയിൽനിന്ന്.

MR. MANNATHU PADMANABHA PILLAI : നമ്മുടെ സ്റ്റേറുകാൺഗ്രസിൺറെ?

MR. K. P. NEELAKANTA PILLAI : അതേ. സർ, ക്കുടാതെ വേറൊരു ഭാഗത്തു് "വ്യക്തിസ്വാതന്ത്ര്യം സുരക്ഷിതമാക്കുന്നതിനു ഒരു ഭരണഘടന രൂപീകരിക്കുകയും സമ്പത്തു് ഒരിടത്തു് തടിച്ചുകൂട്ടുന്നതിനു അനുവദിക്കാതെ ഒരു സമഗ്രമായ സാമൂഹ്യരീതി അനുസരിച്ചുള്ള വിതരണം സംബന്ധിച്ചു് നാഗരീകവും ഗ്രാമീണവുമായി പൊരുത്തപ്പെടുത്തി സാമ്പത്തികസ്ഥിതി നടപ്പിലാക്കാൻ സ്റ്റേറുകാൺഗ്രസ് ശ്രമിക്കുന്നതാണു് അതിൺറെ ലക്ഷ്യമെന്നു വേറോരു ഭാഗത്തും പ്രസ്താവിച്ചിട്ടുണ്ടു്. ഈ പ്രസ്താവനക്കു വിപരീതമായി ഒന്നുതന്നെ എൺറെ പ്രമേയത്തിലില്ല. തത്വത്തിലാണെങ്കിലും ശരി, അതിൺറെ പ്രായോഗികവശത്തിലായാലും ശരി, ഇതും എൺറെ പ്രമേയവും തമ്മിൽ വ്യത്യാസമില്ലെന്നു ബോദ്ധ്യപ്പെടുത്താൻ വേണ്ടിയാണു് ഞാൻ ഇതു ഉദ്ധരിച്ചതു്. സമ്പത്തു് ഒരു സ്ഥലത്തു് തടിച്ചുകൂട്ടാൻ പാടില്ലെന്നു തീർച്ചപ്പെടുത്തി കഴിഞ്ഞു. ഭൂമി പരിമിതമായതുകൊണ്ടു് അതുപോലെ സ്വരിച്ചുള്ള പദ്ധതി നിർമ്മിക്കുകയാണു് സ്റ്റേറുകാൺഗ്രസ്സിൺറെ ഉദ്ദേശമെന്നു പ്രകടമാക്കുകയും ചെയ്തിട്ടുണ്ടു്. സാമൂഹ്യവും സാമ്പത്തികവുമായ വിതരണം ആവശ്യമാണെന്നും ഭൂമിയില്ലാത്തവനു ഭൂമികൊടുക്കണമെന്നുംഉള്ള തത്വവും നാം സ്വീകരിച്ചിട്ടുണ്ടു്. ഈ പ്രമേയത്തിൽ മറ്റു തത്വങ്ങളൊന്നും അടങ്ങിയിട്ടില്ല. ഈ രണ്ടുതത്വങ്ങളും നാം സ്വീകരിച്ചുകഴിഞ്ഞ സ്ഥിതിക്കു് ഈ പ്രമേയത്തിൺറെ തത്വത്തെക്കുറിച്ചു പറഞ്ഞുമനസ്സിലാക്കി സമയം വ്യയം ചെയ്യണമെന്നു ഞാനുദ്ദേശിക്കുന്നില്ല. അങ്ങനെ ഒരു വിഷമം ഇക്കാര്യത്തിൽ എനിക്കു നേരിടേണ്ടിവരുന്നുമില്ല. ഇനി നോക്കാനുള്ളതു്, വെറും പാട്ടുബാൽ, കടിയിറക്കുബിൽ ഇവ വാദപ്രതിവാദത്തിനു വന്നയവസരത്തിൽ അതിനെ എതിർത്ത അളുകൾ പറഞ്ഞതു് ആ ബില്ലുകൾ കൊണ്ടുദ്ദേശിക്കുന്നഫലം ഉണ്ടാകുന്നില്ലെന്നാണു്. അതു് ഭൂമിയില്ലാത്തവനു ഭൂമി ഉണ്ടാക്കികൊടുക്കുന്നതിനു സഹായകരമല്ല, അതുകൊണ്ടു് അതുകൊണ്ടുവരാൻ പാടില്ല എന്നാണു് വാദപ്രതിവാദങ്ങളിൽനിന്നും നാം മനസ്സിലാക്കയിട്ടുള്ളതു്. അതുകൊണ്ടു ഭൂമിയെ സംബന്ധിച്ചിടത്തോളം വിപ്ലവകരമായ ഒരു നടപടിതന്നെ എടുക്കണമെന്നുള്ളതാണു് എൺറെ അഭിപ്രായം,

LIBRARY ARCHIVES Kerala Legislative Assembly

MR. MANNATHU PADMANABHA PILLAI : ഈ ഇരുപത്തഞ്ചേക്കറിൽ ബാംകും വ്യവസായവും എല്ലാംകൂടി ഉൾപ്പെടുമോ?

MR. K. P. NEELAKANTA PILLAI: ഉൾപ്പെടും. കുടിയിറക്കു ബില്ലിൽ പറഞ്ഞിരിക്കുന്നതു് ഒരു വലിയ അനീതിയാണെന്നു ഇവിടെ പ്രസ്താവിക്കുകയുണ്ടായി. അതുകൊണ്ടു ഇരുപത്തഞ്ചേക്കറിൽ കൂടുതൽ ഭൂമി ടസ്റ്റിയുടേതായും കാർപ്പറേഷന്റേതായും ഈ പ്രമേയമനുസരിച്ചു് സപ്ലൈ ചെയ്യണമെന്നാണു് ഞാൻ വിവക്ഷിക്കുന്നതു്.

MR. MANNATHU PADMANABHA PILLAI : അതുകൊണ്ടു അങ്ങനെ ഒരു നിയമം ഫാജുരാക്കുന്നതിനു പ്രധാനമന്ത്രി ഏൽക്കണമെന്നാണോ പറയുന്നതു്.

MR. K. P. NEELAKANTA PILLAI : ൨൫ ഏക്കറിൽ കൂടുതൽ ഭൂമികൈവശം വയ്ക്കാൻ പാടില്ലെന്നു ഒരു നിയമം ഗവണ്മെന്റു് ഉണ്ടാക്കണമെന്നാണു് ഞാൻ ഇതുകൊണ്ടു് നിർദ്ദേശിക്കുന്നതു്. അതിനു പുറമേ അഞ്ചേക്കറിൽ കുറയാത്തതരത്തിൽ ഒരു സ്ഥിതിസമതാവ്യവസ്ഥിതിയിൽ ഭൂമി വിഭജിക്കണം.

MR. K. RAMA CHANDRAN : ൨൫ ഏക്കർ പത്തനം തിട്ടയും തിരുവനന്തപുരത്തും ഒരു പോലെ വീതം വയ്ക്കണമെന്നാണോ പറയുന്നതു്.

MR. K. P. NEELAKANTA PILLAI : തൽക്കാലം മറുപടി പറയാൻ സാദ്ധ്യമാകാത്ത ഒരു ചോദ്യമാണതു്. പത്തനംതിട്ടയുള്ള ഭൂമി വകക്കു കൊള്ളുകയില്ലെങ്കിൽ വിട്ടിട്ടുപോകണം. ഇഷ്ടം ഉണ്ടെങ്കിൽ എടുത്താൽ മതി. അതുകൊണ്ടു് ഈ മാതിരി പ്രമേയങ്ങളും വരുമ്പോൾ അതിന്റെ മൂട്ടു് ൨൫ ഡിഗ്രി അല്ലേ എന്നും മറ്റും ചോദിക്കാമെന്നല്ലാതെ ഇവിടെ ൨൫ ഏക്കർ ഭൂമി കൊടുക്കാമെന്നു ഏൽക്കാൻ എനിക്കു് സാദ്ധ്യമല്ല. എന്തായാലും പത്തനംതിട്ടയായാലും തിരുവനന്തപുരത്തായാലും ഭൂമിക്കു ഒരു പരിധി നിശ്ചയിക്കണം എന്നാണു് പ്രമേയത്തിന്റെ സാരം. അതുകൊണ്ടു് സോഷ്യലിസമെന്നു ഇവിടെ പറഞ്ഞതില്ലെങ്കിലും അന്തരീക്ഷം സോഷ്യലിസംകൊണ്ടു് മുഖരിതമായിരിക്കുന്ന ഈ അവസരത്തിൽ സോഷ്യലിസം പ്രയോഗിച്ചുകൊണ്ടു് മാത്രം നടന്നാൽ ജർമ്മനിയിലെപ്പോലെ ഇവിടത്തെ സ്ഥിതിയും ആയിപ്പോകും. അതു പ്രസംഗിച്ചു ശേഷം ഒന്നും ചെയ്യാതിരുന്നാൽ പിന്നെവരുന്നതു ഡിക്റ്റേറ്റർഷിപ്പാണു്. ഇതു് ഒരു സ്റ്റേറ്റായതുകൊണ്ടു് എങ്ങനെ വരുമെന്നു് എനിക്കറിഞ്ഞുകൂടാ. അതു തരാം ഇതു തരാം എന്നെല്ലാം പ്രസംഗിച്ചുകൊണ്ടിരിക്കുകയും അതേ സമയം മണിമാളികകളിൽ പത്തും രണ്ടായി

LIBRARY ARCHIVES Kerala Legislative Assembly

രവും ഏക്കർ നിലവും കൈയ്യടക്കി ജീവിക്കാൻ തുടങ്ങിയാൽ ഹിറ്റ്ല രുടെ ഡിക്ട്ടേറ്റർഷിപ്പു തന്നെയായിരിക്കും അതിന്റെ ഫലം. ആ നിലയിലേക്കു നാം പോകരുതെന്നാണ് എനിക്കു പറയാനുള്ളത്.

MR. K. RAMA CHANDRAN : ഫ്രാഗ്മെന്റേഷൻ ഓഫ് ലാൻഡ്സ് കൊണ്ട് ഉൽപാദനം സാരമായി കുറയുമെന്നുള്ളതറിയാമോ?

MR. K. P. NEELAKANTA PILLAI : ആ ചോദ്യത്തിനുത്തരം പറയാൻ എനിക്കു വിഷമമില്ല. ആ ചോദ്യത്തിനുത്തരം പറഞ്ഞാൽ സോഷ്യലിസം വിട്ട് ബോൾഷേവിസം, കമ്മൂണിസം ഇവയിലേക്കു പോകേണ്ടിവരും. കൂടുതലുള്ളവന്റെ വസ്തു അപ്രോപ്രിയേറ്റു ചെയ്തു കൂട്ടുകൃഷി നടപ്പിലാക്കണം. അതു കമ്മൂണിസമായിപ്പോകുമെങ്കിൽ എല്ലാവരും അതു തത്വം സ്വീകരിക്കാൻ തയ്യാറാണെങ്കിൽ ഞാൻ അതുവരെ പോകാൻ തയാറാണ്.

MR. K. RAMA CHANDRAN : വസ്തുവിന്റെ സ്വകാര്യഉടമസ്ഥത ഇല്ലാതാക്കി സ്റ്റേറ്റിന്റെ വകയാക്കുന്നതു് അല്ലേ നല്ലതു്?

MR. K. P. NEELAKANTA PILLAI : അതു ശരിയാണ്. ഇതേക്കുറിച്ചു് ചിന്തിക്കേണ്ടതാണ്. കമ്മൂണിസത്തിലേക്കു മാറാച്ചാട്ടത്തിനു എത്താൻ നമുക്കു് സാദ്ധ്യമല്ലാത്തതുകൊണ്ടു് പടിപടിയായി പോകാമെന്നു വിചാരിച്ചാണ് ഞാനിപ്രമേയം ഫ്രാജരാക്കിയിട്ടുള്ളതു്. കാര്യം എല്ലാവരും മനസ്സിലാക്കിയിട്ടുള്ള സ്ഥിതിക്കു് കൂടുതൽ പ്രസംഗിക്കേണ്ടയാവശ്യമില്ല. ഈ പ്രമേയത്തിൽ അടങ്ങിയിരിക്കുന്ന തത്വം ഇന്നലെയും മിനിഞ്ഞാന്നും നമ്മുടെ സൂക്ഷ്മമായ വിമർശനത്തിനു പാത്രമായ കടിയിറക്കുബില്ലിന്റെയും വെറംപാട്ടുബില്ലിന്റെയും അടിസ്ഥാനതത്വത്തിൽ നിന്നും വിഭിന്നമല്ല. അതുകൊണ്ടു് സാധാരണക്കാരനെയും ധനവാനെയും സ്പർശിക്കുന്ന ജനായത്തപരമായ ഒരു നടപടി ഗവണ്മെന്റു് സ്വീകരിക്കണം. അതിനു സമ്മതമില്ലെങ്കിൽ യാതൊന്നും നിങ്ങൾ ചെയ്യാൻ പോകുന്നില്ലെന്നുള്ളതിൽ എനിക്കു് സന്ദേഹമില്ല അതുകൊണ്ടു് കാൺഗ്രസ്സ് പാർട്ടി, ഇവിടെ ധാരാളം പോലിസും പട്ടാളവുമുണ്ടെങ്കിലും ഉള്ളവനും ഇല്ലാത്തവനും തമ്മിൽ ഒരു പൊരുത്തം അവശ്യമാണെന്നു മനസ്സിലാക്കി ബുദ്ധിപൂർവം പ്രവർത്തിക്കുമെന്നു വിശ്വസിക്കുന്നു. ഉള്ളവനും ഇല്ലാത്തവനും തമ്മിലുള്ള പൊരുത്തക്കേടു ഇവിടെ ഉള്ളതുകൊണ്ടു അവർ തമ്മിൽ ഏറുമുട്ടിക്കൊണ്ടിരിക്കുമ്പോൾ നാട്ടിലെ സൈരക്കേടു് ഇല്ലായ്മചെയ്യണമെന്നുണ്ടെങ്കിൽ എന്തെങ്കിലും ധൈര്യമായി ഒരു സെറ്റപ്പു് എടുക്കാതെ നിവൃത്തിയില്ല. ഈ അസമത്വം നിലവിലിരിക്കു

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. P. Nilakanta Pillai]

ന്നിടത്തോളം എത്ര പോലീസും പട്ടാളവും ഉണ്ടെങ്കിലും അവർ സമാധാനപരിപാലനത്തെ സഹായിക്കുകയില്ല. ലോകത്തിൽ എവിടെ നോക്കിയാലും എല്ലാ ആക്രമണങ്ങളും വഴക്കുകളും ഭ്രമിക്കുവേണ്ടിയാണു് എന്നു മനസ്സിലാക്കാം. ജപ്പാന്റെയും ജർമ്മനിയുടെയും ആക്രമണോദ്ദേശം അതായിരുന്നു. ഇവിടെയുള്ള ഭ്രമി ക്രമമായി വീതിച്ചു കൊടുത്തില്ലെങ്കിൽ ഇല്ലാത്തവൻ എവിടെ പോകണമെന്നു ഞാൻ ചോദിക്കുന്നു. ഉള്ളതു കൊടുത്താൽ പിന്നെ വഴക്കില്ല. പിന്നെ ആരും ആരെയും ഉപദ്രവിക്കാനും വരികയില്ല. അതുകൊണ്ടു സമാധാനപരിപാലനത്തിനു വേണ്ടിയെങ്കിലും ഭ്രമിയെ സംബന്ധിച്ചുള്ള പ്രശ്നത്തിനു ഒരു പരിഹാരമുണ്ടാക്കണം. ഈ പ്രശ്നത്തിനു ഒരു വെറിയ പരിഹാരമെങ്കിലും എന്റെ പ്രമേയത്തിന്റെ തത്വം സ്വീകരിച്ചാൽ ഉണ്ടാകുമെന്നാണു എന്റെ വിശ്വാസം.

MR. K RAMACHANDRAN : ൫൦ വർഷം കഴിയുമ്പോഴേക്കു ജനസംഖ്യ വളരെ വർദ്ധിക്കയില്ല.

MR. K. P. NEELAKANTA PILLAI : ൫൦ വർഷം കഴിഞ്ഞു് ജീവിച്ചിരിക്കുമെന്നുള്ള ഉദ്ദേശത്തോടുകൂടി യാതൊരു സ്കീമും ഇപ്പോൾ തയ്യാറാക്കേണ്ടയാവശ്യമില്ല. ഇന്നത്തെ സ്ഥിതി നോക്കി നമുക്കു പ്രവർത്തിക്കാം.

MR. N. V. CHACKO അഞ്ചര ഏക്കർ വീതം എല്ലാവർക്കും കൊടുക്കാൻ തികയുമോ?

MR. K. P. NEELAKANTA PILLAI കുറെക്കൂടി കുറച്ചാലും വിരോധമില്ല. ഏതെങ്കിലും ഒരടിസ്ഥാനത്തിൽ വിഭജിക്കണമെന്നേ ഞാൻ അഭിപ്രായപ്പെട്ടുള്ളൂ. അതുകൊണ്ടു് ബഹുമാനപ്പെട്ട മെമ്പറന്മാർ എല്ലാവരും ഈ സംഗതിയുടെ ഗൗരവത്തെയും നമ്മുടെ വാഗ്ദാനങ്ങളെയും ചിന്തിച്ചു് ഈ പ്രമേയം സ്വീകരിക്കണമെന്നു ഞാൻ അപേക്ഷിച്ചുകൊണ്ടു് ഈ പ്രമേയം അവതരിപ്പിക്കുന്നു.

MR. P. S. MUHAMMED. സർ, മി. കെ. പി. നീലകണ്ഠപ്പിള്ളയുടെ പ്രമേയത്തെ ഞാൻ അനുകൂലിക്കുന്നു. ഏതാണ്ടു് ൧൯ വർഷത്തിനു മുൻപു് അന്നത്തെ അസംബ്ലിയിൽ ഒരാൾക്കു് ൫൦ ഏക്കറിൽ കൂടുതൽ സ്ഥലം വച്ചുകൊണ്ടിരിക്കാൻപാടില്ല എന്നൊരു പ്രമേയം പാസ്സായി. എന്നാൽ ൧൯ വർഷം കഴിഞ്ഞതിനുശേഷം ൨൫ ഏക്കറിൽ കൂടുതൽ സ്ഥലം കൈവശം വച്ചുകൊണ്ടിരിക്കുവാൻ പാടില്ലാ എന്നൊരു പ്രമേയവും കൊണ്ടുവന്നിരിക്കുന്നു. അതുകൊണ്ടു് ഈ പ്രമേയത്തെ അനുകൂലിക്കാൻ എനിക്കു് കിട്ടിയ സന്ദർഭത്തെ ഞാൻ ഉപേക്ഷിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശരിയല്ല എന്ന വിചാരിച്ചാണ ഞാൻ ഇതിനെ അനുകൂലിക്കുന്നത്

ഈ നാട്ടിൽ കാണുന്നതായ പരിഭ്രമജനകമായ പുറം പാട്ടുകളെപ്പറ്റി ചിന്തിക്കുന്നപക്ഷം ഈ ഭൂമിയെ സംബന്ധിച്ചിട ത്തോളം ഏതെങ്കിലും വിധത്തിൽ ഒരു ഖണ്ഡിതമായ നില സ്വീകരിക്കു വാൻ ഇന്നത്തെ ഗവണ്മെൻറ് ശ്രദ്ധിക്കണം. നാട്ടിൽ സമാധാനം സ്ഥാപിക്കേണ്ടതു് ഏറ്റവും അത്യാവശ്യമായ ഒരു കാര്യമാണ്. അതു കൊണ്ടു് എന്തായും നേരത്തേ, അതിനുവേണ്ടിയുള്ള ഒരു കാര്യപരി പാടി തയാറാക്കുകയും അതു് ഏതു രീതിയിലാണ് നാം സ്വീകരി ക്കേണ്ടതെന്ന് സമാധാനമായി ചിന്തിക്കേണ്ടതും അത്യാവശ്യംതന്നെയാണ്. ഇന്നത്തെ പ്രമേയം അനുസരിച്ചുതന്നെ ഏതെങ്കിലും നിലയിൽ 5 ഒ ഏക്കർ എന്ന പറഞ്ഞതു് കുറയ്ക്കുകയോ കൂട്ടുകയോ ചെയ്യുമോ, പ്രായോ ഗികമായി അതിനെ സംബന്ധിച്ചുള്ള വിഷമതകൾ എന്തെല്ലാമാണ്, ഇതെല്ലാം ചിന്തിക്കേണ്ടിയിരിക്കുന്നു. ഈ സഭയിൽ ഒരാൾക്ക് 5 ഏക്കറിൽ കവിയാതെ സ്ഥലം വീതിച്ചുകൊടുക്കണമെന്ന പറയുക യുണ്ടായി. അതുതന്നെ കിട്ടാൻ കഴിവുണ്ടോ ? അതല്ലെങ്കിൽ എത്ര സെൻറുവീതം കിട്ടും?

MR. T. A. ABDULLA : ഇതൊരു ബില്ലല്ലാ. ഒരു നിശ്ചയമാണ്.

MR. P. S. MUHAMMED : ഈ നിശ്ചയം പാസ്സാക്കുകയാണെന്നു വരികിൽതന്നെ ഇതിൻപ്രകാരം ആർക്കും വീതിച്ചുകൊടുക്കാൻ പോകു ന്നില്ല എന്നെനിക്കറിയാം. ബില്ല കൊണ്ടുവരുന്നകാലത്തു് ഇന്നത്തെ റെസല്യൂഷൻ ഒരു പ്രതിബന്ധമായിരിക്കുന്നതാണ്.

MR. T. A. ABDULLA : ഈ പ്രമേയത്തിൻറെ തത്വത്തെ അനുകൂലി ക്കുന്നോ?

MR. P. S. MUHAMMED : തത്വത്തെ ഞാൻ അനുകൂലിക്കുന്നു. ഇപ്പോൾ ഗവണ്മെൻറു മുമ്പോട്ടു പൊയ്ക്കൊണ്ടിരിക്കുന്നവെന്നും പുരോ ഗമനപരമായ പല സംഗതികളും ഗവണ്മെൻറു് ചെയ്യുവരുന്നു എന്നും നമുക്കു കാണാൻ സാധിക്കും. ഇന്നലെതന്നെ ഈ അസംബ്ലിയിൽ വെറും പാട്ടക്കാരെ കുഴിക്കാതിരിക്കുന്നതിനു ഒരു ബിൽ കൊണ്ടുവന്നിരി ക്കുന്നു. ഇന്നു വെറുംപാട്ടമായാരപ്രകാരം ഒരാൾ ഒരു വസ്തുവിൽ താമസിക്കുകയാണെങ്കിൽ അയാളെ ഇറക്കാൻപാടില്ലാത്തവിധത്തി ലാണ് ഇപ്പോഴും ഇവിടെ പറഞ്ഞതായ നിയമപ്രകാരം നാം മനസ്സിലാ ക്കേണ്ടതു്. യാതൊരു കാരണവുംകൂടാതെ വല്ല സ്ഥലത്തും ജോലി ചെയ്തു കിടക്കുന്ന കുട്ടിക്ക് താമസിക്കുന്നതിനു സൗകര്യം കൊടുത്തുപോ യതുകൊണ്ടു് നാളെ അതിൽനിന്നും മാറിക്കൊടുക്കണമോ എന്നു പറയുക

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. S. Muhammed]

യാണെങ്കിൽ അത് ശരിയല്ലാ. ഏതായാലും ഈ ഭൂമിയെ സംബന്ധിച്ച് സകല വഴക്കും തീരത്തക്കവണ്ണം ഇവിടെ ഒരു നിയമമുണ്ടാക്കുകതന്നെ വേണം. അതിനു ഈ പ്രമേയത്തിന്റെ തത്വത്തെ അംഗീകരിച്ചുകൊണ്ടുള്ള ഒരു നിയമംതന്നെ ഉണ്ടാകണമെന്ന് ഞാൻ അഭിപ്രായപ്പെടുന്നു.

MR. N.DANIEL JOSE: Sir, I am in agreement with the spirit with which this resolution has been brought, namely, to provide land for the landless poor. My agreement with the resolution stops there. There are very many difficulties which have not been fully explained by the mover. For instance, he has not taken the trouble to point out whether there is sufficient land even if land is distributed, say, at the rate of 10 or 15 cents, after a few families are given 25 acres each. There is also another difficulty which has not been made clear. That is, a person may be fully satisfied with half a cent of land in say Chalai Bazar, which will fetch a good amount, whereas another person may not get that amount in another place. Therefore, even in such a measure, it cannot be based on the acreage of land alone. Some other measure will have to be taken into account like the value or yield of the land.

MR. K. P. MILAKANTA PILLAI: May I know whether the honourable member knows any State or country where every citizen is given a piece of land?

MR. N. D. JOSE: As far as I am aware, I don't know of any country where every citizen is given a piece of land. If the instance of Russia is taken there is a case of common ownership of the means of production and distribution. To say that the aim of the resolution is socialistic would not be correct. Because, as far as I know, socialism would envisage a state of affairs where there would not be any personal ownership of the means of production and distribution. All that the resolution seeks to establish is that the title should be transferred from a certain number of people to a greater number of people. The scope of the resolution stops there. It may be stated that this is a path to nationalisation. The resolution by itself is not a socialistic resolution.

MR. K. P. MILAKANTA PILLAI: May I take it from the honourable member that he has no objection so far as it goes?

MR. N. D. JOSE: As far as the aim of the resolution is concerned, if that is so, *viz*, to provide land for the landless poor, I agree with the resolution. But in a State like ours we cannot stop with land alone. Money is invested in Banks or other enterprises. Therefore you cannot limit socialism only to one form of investment, that is, land alone. If you touch land, naturally, if develop-

LIBRARY ARCHIVES Kerala Legislative Assembly

ment is not to be one sided, you have to touch other economic aspects of life. There is already another aspect of the resolution which I cannot fully understand. It has been laid down that the lands have to be appropriated by the Government and made available for registry to the landless poor. It has been laid down under the fundamental rights.....of the Government of India, that when land is taken over by the State compensation should be paid. As long as Travancore is an inseparable part of Indian Union, fundamental rights as laid down in the constitution have to be accepted in Travancore also. When land is taken, compensation will have to be paid. Compensation may mean not nominal compensation but substantial compensation. Then I will ask my honourable friend whether the present Government will be in a position to pay compensation to all these people. Therefore we reach a step wherefrom we cannot proceed.

MR. K. P. NILAKANTA PILLAI: May I know whether it is the opinion of the honourable member that land should be taken after paying compensation ?

MR. N. D. JOSE: That is not my opinion. I am all for expropriation. But there are difficulties. This State happens to be a part of the Indian Union, which means the fundamental rights will affect Travancore also. Travancore will have to pay compensation for all the people. Therefore it does not at all concern the House whether I want compensation to be paid. As a matter of fact, I don't want that any person should be paid compensation. I would vote for an order when immediately all other industries are nationalised. But whether it is within the scope of this House or this Government to implement these aspects of the resolution is the point at issue. And these are points which have not been made clear by the honourable mover of the resolution.

Then also a difficulty was pointed out. The population is increasing. Therefore with what the honourable member suggests it may not be possible to adjust things. There are all these difficulties. But in spite of all these difficulties, this is a resolution which, I believe, has been brought with the noble aim, with the generous aim, of providing land for those people who go without any means of living. We have laid down that every citizen has the right to live. The State must provide the wheer withal to live. Finally the resolution would have been much improved if the honourable mover had suggested that the State should organise large co-operative farming associations where the title would vest not on a few individuals but on the society or group organised by the people

With these words, while commending on the noble and generous object with which this resolution has been advanced, I beg to submit that the above changes may be made in the resolution.

MR. MANNATHU PADMANABHA PILLAI : സർ, ഞാൻ ഈ പ്രമേയത്തെ ഹാർദ്ദമായി അനുകൂലിക്കുന്നു. ഈ രാജ്യത്ത് അസ്വസ്ഥതയും, അസമാധാനവും ഉണ്ടാകുന്നതിന് പ്രധാനകാരണം ജാതികൾ തമ്മിലോ

LIBRARY ARCHIVES Kerala Legislative Assembly

മതങ്ങൾ തമ്മിലോ പറയത്തക്ക യാതൊരു മൽസരവുമില്ലാത്ത രാജ്യമാണ് തിരുവിതാംകൂർ. വിവിധ ജാതിമതങ്ങൾ തമ്മിൽ സൗഹാർദ്ദപരമായി ജീവിതം നയിക്കുന്ന ഒരു രാജ്യം തിരുവിതാംകൂറിനെപ്പോലെ ഭൂമുഖത്ത് കുറിടത്തുമില്ലെന്നു പറയാം. എന്നാൽ സാമ്പത്തികമായിട്ട് ഇവിടെ അസംതൃപ്തതയുണ്ട്. അതിനു ശരിയായ പരിഹാരം കണ്ടുപിടിക്കാതെ ഈ തൊട്ടുമിനുക്കുകർമം നടത്തംകൊണ്ടു ഇതു് അവസാനിക്കാൻപോകുന്നില്ല. ജനങ്ങളുടെ ഇടയിൽ ഒരു മഹാരോഗം പടർന്നുപിടിച്ചിട്ട് കാലം കുറെയായി. ഏതാനും ചിലർ സ്വത്തുക്കളെല്ലാം കൈവശം വച്ചുകൊണ്ടു ബഹുലക്ഷം ആളുകളെ കീഴടക്കി ശാസ്ത്രം മുട്ടിച്ചു് എത്രകാലം വച്ചുകൊണ്ടിരിക്കാൻ കഴിയും. അതുകൊണ്ടു് വസ്തുഉടമസ്ഥതയ്ക്കാണു് ഒരു സമൂലപരിവർത്തനം വരുത്തേണ്ടതു്. അതല്ലാതെ, കൂടിയിറക്കുനിരോധനത്തെലവും പാട്ടമൊഴിപ്പു് നിരോധനക്കുഴമ്പുംകൊണ്ടു് ഈ രോഗം ശമിക്കുന്നതല്ല. ബഹുമാനപ്പെട്ട മന്ത്രിമാർക്ക് ഏതാനും മാസം ഇവിടിരുന്നു് കഴിച്ചുകൂട്ടിയാൽ മതിയെങ്കിൽ മാറിമാറി ഈ പരീക്ഷകർമം നടത്തിക്കൊള്ളട്ടെ. സാധു ജനങ്ങളെ കൂടിയിറക്കാൻപാടില്ലെന്നും അതിനെ നിരോധിക്കണമെന്നും തന്നെയാണു് എന്റെയും അഭിപ്രായം. എന്നാൽ സ്വന്തമായി ഒരു സെൻറ് സ്ഥലംപോലും ഇല്ലാത്ത ലക്ഷോപലക്ഷം ജനങ്ങൾക്കു് ഈ ബില്ലുകർമംമൂലം എന്തോ മഹോപകാരം ചെയ്യുമെന്നു് ആരും അഭിമാനിക്കേണ്ടാ. അവകാശശ്രുതിയിലെങ്കിലും കുടികിടപ്പു് പണ്ടുപണ്ടേ നടന്നുകൊണ്ടുവരുന്ന ഒരു കാര്യമാണു്. ഉടമസ്ഥനും കുടികിടപ്പുകാരും തമ്മിൽ ഉയർച്ച താഴ്ചയുണ്ടെങ്കിലും, പാവപ്പെട്ട ഒരു സഹോദരനെ സഹായിക്കുന്ന എന്നൊരു മനോഭാവം അറിയാതെങ്കിലും, ഉടമസ്ഥനും തങ്ങളോടു് കരുണാപൂർവ്വം പ്രവർത്തിക്കുന്നു എന്ന കുടികിടപ്പുകാരനു് തോന്നുന്നതുകൊണ്ടു് വ്യത്യസ്തമായ നിലയിലാണെങ്കിലും അവർ ഒരു കുടുംബബന്ധത്തിലാണു് കഴിഞ്ഞുകൂടുന്നതു്. ഈ പെരുംപാട്ടബിൽ നിയമമാകുന്നതായാൽ ഉപകാരത്തിലധികം ഉപദ്രവമാണുണ്ടാകുന്നതു്. കുടികിടപ്പുകാരൻ ഉപദ്രവശാലയാണെന്നു ഉടമസ്ഥനും അവകാശപ്രകാരം കിടക്കുന്നതുകൊണ്ടു ഉടമസ്ഥനെ വകവയ്ക്കുന്നതില്ലെന്നു കുടികിടപ്പുകാരനും തോന്നിത്തുടങ്ങും. ഇങ്ങനെ പിണക്കം വർദ്ധിക്കുമ്പോൾ കുടികിടപ്പുകാരനു് പുറത്തിറങ്ങാൻപോലും അവകാശമില്ലാതെ ഇന്നത്തേതിൽ അധികം അസ്വാതന്ത്ര്യവും ഉപദ്രവുമാണുണ്ടാകാൻ പോകുന്നതു്. കുടികെട്ടിക്കിടക്കുമെന്നല്ലാതെ ഒരു തേങ്ങയോ ഒരു പാക്കോ

LIBRARY ARCHIVES Kerala Legislative Assembly

എടുക്കാനോ, ഒരു കഷണം മൂട്ടെടുത്തു തീ കത്തിക്കാനോ അവക്ക് അവകാശമില്ലല്ലോ. അങ്ങനെ എത്ര നാൾ കിടക്കും. അതിൽ കുറച്ചു സ്ഥലമെങ്കിലും സ്വന്തമായി കിട്ടിയാൽ കാറും വെളിച്ചവും കേറുന്ന ഒരു ചെറുഭവനം ഉണ്ടാക്കി സ്വാഭിമാനത്തോടുകൂടി പാർക്കാം. പുറമെ പോയി വേലചെയ്ത് കാശുണ്ടാക്കിയാൽപോലും കുടികിടപ്പുസ്ഥലത്തുള്ള ആ മാടത്തിൽ കിടക്കാനല്ലാതെ ഒരു ചെറിയ വീടുണ്ടാക്കാനുള്ള അവകാശമുണ്ടോ? ഒരിക്കലും വളരാൻ സാദ്ധ്യമല്ലാത്ത സ്ഥിരം അസ്വതന്ത്രതെ ഈ നിയമംമൂലം സൃഷ്ടിക്കാം. ഉടമസ്ഥനു് ഒന്നും കൊടുക്കാതെ പാട്ടക്കാരനെ അധികാരിയാക്കുന്ന നിയമം ഒരു പിടിച്ചുപറി നിയമമാണെന്നു് മന്ത്രിമാരും സമ്മതിക്കേണ്ടതാണു്. സാധുക്കൾക്കു് യാതൊരു ഗുണവും കിട്ടാതെ ഇടത്തരവും വൻതരവുമായ മുതലാളിമാരെ കൂടുതൽ വീർപ്പിക്കാൻ പര്യാപ്തമായ ഈ ബിൽ പാസായാൽ കായംകുളം കൊച്ചുണ്ണിയെ കാലശേഷം നടപ്പിൽ വരുന്ന അംഗീകൃതമായ തീവെട്ടിക്കൊള്ളയെന്നേ ആളുകൾ മനസ്സിലാക്കുകയുള്ളു. അതുകൊണ്ടു് കുറേശ്ശയേ ഉള്ളു എങ്കിലും എല്ലാവക്കും സ്ഥിരാവകാശം കിട്ടുന്ന നിയമമാണു് ആവശ്യമുള്ളതു്. അതിനു കൂടുതൽ വസ്തു ഉള്ളവരിൽ നിന്നും അധികമുള്ള വസ്തുക്കൾ എടുക്കാനുള്ള അധികാരം ഗവണ്മെൻറിനുണ്ടായിരിക്കണം. എന്നാൽ മുതലാളിയെ തൊട്ടുകളിക്കാൻ ഇന്നത്തെ ഗവണ്മെൻറിനു് ധൈര്യമില്ലാത്തതുകൊണ്ടാണു് ഈ കാട്ടിലും പടപ്പിലും പടർന്നുപിടിക്കുന്നതു്. കാൺഗ്രസ്സിൻറെ പ്രകടനപത്രികയിൽ പറഞ്ഞ ഏറ്റവും പ്രധാനവും അത്യാവശ്യവും പാവപ്പെട്ടവർക്കു പൊതുവെ ആശ്വാസം കിട്ടുന്നതുമായ ഈ ഒരു കാര്യമെങ്കിലും ചെയ്യും. ജനകീയഗവണ്മെൻറു വന്നാൽ ഇതുണ്ടാക്കിക്കൊടുക്കുമെന്നു് മൈതാനംതോറും നടന്നു പ്രസംഗിച്ച ഇന്നത്തെ മന്ത്രിമാരും അവക്കു പിൻതുണനിൽക്കുന്ന നാമും പിരിഞ്ഞുപോകുന്നതിനു മുമ്പേ ഒരു നല്ലകാര്യമെങ്കിലും ചെയ്യാം. അതിനു തയ്യാറും സന്മനസ്സുമുണ്ടെങ്കിൽ ഈ പ്രമേയത്തിൻറെ തത്വം സ്വീകരിക്കാവുന്നതാണു്.

അധികാരം കയ്യിൽ കിട്ടിയപ്പോൾ കഴിഞ്ഞ കാര്യങ്ങളെല്ലാം മറന്നുപോയ ലക്ഷണമാണു് ഇവിടെ കാണുന്നതു്. ഈ രാജ്യത്തു് യഥാർത്ഥമായ സമാധാനമുണ്ടാകണമെങ്കിൽ, ഈ സുഖക്കേടുകളുടെ കാരണം നശിക്കണമെങ്കിൽ, ഇലയിലും കമ്പിലും കടന്നുപിടിക്കാതെ വേരിൽത്തന്നെ കോടാലിവയ്ക്കണം. എന്തായാലും ഇന്നത്തെ സാമ്പത്തികവ്യവസ്ഥിതിക്കു സമൂലപരിവർത്തനം ഉണ്ടായേതീരൂ. ഗവണ്മെൻറിനു

LIBRARY ARCHIVES Kerala Legislative Assembly

[Mr. Mannathu Padmanabha Pillai]

സമ്മതമുണ്ടെങ്കിൽ ഇത്തരം ഒരു ബിൽ അവതരിപ്പിച്ച് ഒരു ദിവസംകൊണ്ടുതന്നെ മൂന്നു വായനയും നടത്തി പാസ്സാക്കാം. അന്വേഷണം നടത്തിയോ, ജനഹിതം നല്ലതുപോലെ മനസ്സിലാക്കിയതിനു ശേഷമോ അല്ലല്ലോ ഈ ബില്ലുകളൊന്നും കൊണ്ടുവന്നിട്ടുള്ളതു്. അതുപോലെ മൂന്നു നാലു വകുപ്പുകൾ കൂട്ടിച്ചേർത്തു് ഇങ്ങുകൊണ്ടുവന്നാൽ അസംബ്ളിയിലുള്ള മാന്യസ്നേഹിതന്മാരായ വക്കീലന്മാർ ഉപദ്രവം ഉണ്ടാക്കാതിരുന്നാൽ മതിയാകും. അങ്ങിനെ ചെയ്യുന്നപക്ഷം രാജ്യസ്നേഹവും സമാധാനകാംക്ഷയുമുള്ളവരെല്ലാം സമ്മതിക്കുമെന്നാണ് എന്റെ വിശ്വാസം. അതുകൊണ്ടു് എന്റെ മാന്യസ്നേഹിതൻ മി. കെ. പി. നീലകണ്ഠപ്പിള്ള അവതരിപ്പിച്ച ഈ പ്രമേയത്തിനെ ഒന്നുകൂടി ഞാൻ പിൻതാങ്ങിക്കൊള്ളുന്നു.

MR. CHERIYAN J. KAPPAN: സർ, മി. കെ. പി. നീലകണ്ഠപ്പിള്ള അവതരിപ്പിച്ച പ്രമേയത്തെ ഞാൻ എതിർക്കുന്നു. ഇതു് കിടക്കാൻ സ്ഥലമില്ലാത്തവനു് സ്ഥലം ഉണ്ടാക്കിക്കൊടുക്കാൻ ഉദ്ദേശിച്ചുകൊണ്ടു വന്ന ഒരു പ്രമേയമായിരുന്നെങ്കിൽ ഞാൻ ഇതിനെ എതിർക്കുമായിരുന്നില്ല. എന്നാൽ ഇതിന്റെ ഉദ്ദേശം അതല്ലെന്നു വ്യക്തമാണു്. 5 ഏക്കറിൽ കൂടുതൽ ഭൂമിയുള്ളവരുടെ സ്വത്തിൽ 5 ഏക്കർ കഴിച്ചു ബാക്കിയുള്ളതെല്ലാം എടുത്തു് അന്യേക്കർ വീതം ഭാഗിക്കുന്നതുകൊണ്ടു് ഈ രാജ്യത്തെ കിടപ്പിടമില്ലാത്തവരുടെ ക്ലേശം എന്തുമാത്രം പരിഹരിക്കാമെന്നാണു് ഞാൻ ചോദിക്കുന്നതു്. ഈ രാജ്യത്തെ ബഹു ഭൂരിപക്ഷം വരുന്ന ഭൂമിരഹിതരിൽ ഒരു ശതമാനത്തിനെങ്കിലും കുടികിടപ്പിനുള്ള സ്ഥലംപോലും ഉണ്ടാക്കിക്കൊടുക്കുവാൻ കഴിയുമോ? പിന്നെ എന്തിനു് ഈ പ്രമേയത്തിന്റെ ആശയം അനുസരിച്ചുള്ള ഒരു നിയമനിർമ്മാണത്തിനു് നാം ഒരുങ്ങുന്നു? പുരോഗമനത്തിന്റെ പേരിൽ ഏറ്റവും പിൻതിരിപ്പൻ വാദങ്ങൾ ഉന്നയിക്കുന്നതും, മർദ്ദനത്തിന്റെയും ചൂഷണത്തിന്റെയുംപേരിൽ സ്വകാര്യ ഉദ്ദേശങ്ങളുടെ സാദ്ധ്യത്തിനായി പ്രസംഗിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നതും ഇന്നത്തെ ഒരു പതിവായിത്തീർന്നിരിക്കുന്നു.

കുടിയിറക്കുകൊണ്ടു് വലയുന്ന വെറുംപാട്ടക്കാരുടെയും കുടികിടപ്പുകാരന്റെയും രക്ഷയെക്കരുതി രണ്ടു ബില്ലുകൾ ഇവിടെ അവതരിപ്പിച്ചപ്പോൾ, അവ ജന്മിയേയും, നായരേയും, പ്രമാണിമാരേയും വഴിയിലിറക്കുമെന്നുപറഞ്ഞു് ആ ബില്ലുകളെ എതിർത്ത ശ്രീ. മന്ദം ഈ പ്രമേയത്തെ അത്യാവേശത്തോടുകൂടി സ്വാഗതം ചെയ്യുന്ന രംഗം ഓർമ്മിച്ചു

LIBRARY ARCHIVES Kerala Legislative Assembly

ആക്കാണ് ഇതിന്റെ പൂച്ച കാണുവാൻ കഴിയാഞ്ഞത്. ഈ രാജ്യത്തെ ബാധിച്ചിരിക്കുന്ന രോഗത്തിനു് ഈ എണ്ണയും കുഴമ്പുമൊന്നും കൊണ്ടു് യാതൊരു ഉപശാന്തിയും ഉണ്ടാകാൻപോകുന്നില്ലെന്നു് അദ്ദേഹം പറഞ്ഞു അതു ശരിയാണു്. യാതൊരു ചികിത്സകൊണ്ടും ഭേദപ്പെടാത്ത രണ്ടു രോഗങ്ങളുണ്ടു്. അതിലൊന്നു് എന്റെ തലയിലുള്ള കഷണ്ടിയും മറെറാന്നു് എന്റെ സ്നേഹിതൻ മന്നത്തിനുള്ളതും. അദ്ദേഹത്തിനുള്ള ആ രോഗത്തിന്റെ ലക്ഷണം മാത്രമാണു് ഈ പ്രമേയത്തിൽ കാണുന്നതു്. എന്നാൽഅദ്ദേഹത്തിന്റെ ഉദ്ദേശം പൂർണ്ണമായും സാധിക്കണമെങ്കിൽ ഓരോ പത്തുകൊല്ലവും കൂടുമ്പോൾ ഭൂമി ഇപ്രകാരം വീതിക്കണമെന്നാണു് എനിക്കു് പറയുവാനുള്ളതു്. ഭൂമി തുണ്ടുതുണ്ടായി വിഭജിക്കപ്പെടുന്ന ഇൻഡ്യയിലെ സംപ്രദായത്തെ തടയുവാനുള്ള മാർഗ്ഗത്തെപ്പററി ഭാരതത്തിലെ സാമ്പത്തികവിദഗ്ദ്ധന്മാർ തലപുകച്ചു് ആലോചിക്കുന്ന ഇക്കാലത്തു് ഇത്തരം ഒരു പ്രമേയം കൊണ്ടുവന്നവരുടെ ഉദ്ദേശശുദ്ധിയെപ്പററി ആരെങ്കിലും ചോദ്യം ചെയ്താൽ പരിഭവിക്കേണ്ട കാര്യമില്ലെന്നാണു് എനിക്കു പറയുവാനുള്ളതു്. പിന്നെ ഇവിടെ ഭൂമി ദേശീയമാക്കുന്നതിനെപ്പററി പറഞ്ഞുകേട്ടു. റഷ്യയിലല്ലാതെ ലോകത്തിൽ എവിടെയെങ്കിലും ഭൂമി ദേശീയമാക്കീട്ടുണ്ടോ? ഒരു തൊഴിലാളിഗവണ്മെൻറു് നിലവിലിരിക്കുന്ന ബ്രിട്ടനിൽപോലും ഈ കാര്യം ആരും ആലോചിച്ചിട്ടില്ല. ഭൂമി തുണ്ടുതുണ്ടാക്കി ഭാഗിക്കുന്ന പക്ഷം ഒരു പത്തു പതിനഞ്ചു വർഷം കഴിയുമ്പോൾ ഒരു വിഭജനംകൂടി നടത്തേണ്ടിവരും. അതായതു് പണ്ടു് യഹൂദന്മാരുടെ ഇടയിൽ ഓ൦ വർഷത്തിൽ ഒരിക്കൽ കടങ്ങളെ തട്ടിക്കഴിക്കുന്നതുപോലെ ആണു് ഈ ഏർപ്പാടു്. ഈ രാജ്യത്തു് തൊഴിൽ ചെയ്യാൻ മനസ്സില്ലാത്ത വേല ചെയ്യാൻ സമ്മതമില്ലാത്ത ഒരുകൂട്ടം ജനവിഭാഗങ്ങളെ ഉണ്ടാക്കിത്തീർക്കണമെന്നാണു് മി. മന്നത്തുപത്മനാഭപിള്ള പറയുന്നതെന്നു തോന്നുന്നു. അവസാനമായി എനിക്കു് പറയാനുള്ളതു് ഈ ഫ്രാഗ്മെൻറേഷൻ പാളിസി പരിഷ്കൃതരാജ്യങ്ങളായ ഇംഗ്ലണ്ടിലോ അമേരിക്കയിലോ നടപ്പിൽ വരുത്തിയതിനുശേഷം നമുക്കും ആ പദ്ധതി സ്വീകരിക്കാമെന്നാണു്. ഈ കാരണങ്ങളാൽ ഞാൻ പ്രമേയത്തെ എതിർക്കുന്നു.

MR. A. P. UDAYABHANU : ഈ പ്രമേയംകൊണ്ടു് പ്രമേയപ്രയോക്താവു് ഉദ്ദേശിക്കുന്നതു് ഭൂമിയെ സംബന്ധിച്ചു് വ്യക്തമായ ഒരു നയം വേണമെന്നാണെങ്കിൽ ഞാൻ അതിനോടു് യോജിക്കുന്നു. എന്നാൽ പ്രമേയത്തിൽ പറഞ്ഞിരിക്കുന്നതു് ഇങ്ങനെയാണു.

LIBRARY ARCHIVES Kerala Legislative Assembly

[Mr. A. P. Udayabhanu]

"This Assembly recommends to Government that the total area of land a family could possess shall be laid down not to exceed 25 acres including garden and wet lands and the remaining land in the State shall forthwith be appropriated by the Government and made available for registry to the landless poor who shall not be given more than 5 acres per family".

ഇതു കേട്ടാൽ തോന്നും ഉടനടിതന്നെ ഭൂമിയുടെ ചാർജ്ജു വഹിക്കുന്ന ബഹുമാനപ്പെട്ട മന്ത്രി ഒരു ചങ്ങലയുമായിട്ടങ്ങിറങ്ങി ഭൂമിയെല്ലാം അളന്ന് ഇരുപത്തഞ്ചേക്കർ ഒഴിച്ചിട്ടിട്ട് ബാക്കിയുള്ളതെല്ലാം എടുത്ത് അയ്യഞ്ചേക്കർ വീതം വീതിച്ച് ഭൂമിയില്ലാത്തവക്ക് കൊടുക്കണമെന്ന്. അതു നിലയിൽ ഈ പ്രമേയത്തിൽ പറഞ്ഞിരിക്കുന്നതു പ്രായോഗികമായ ഒരു കാര്യമാണോ, അതനുസരിച്ച് ഉടനടി പ്രവർത്തിക്കാൻ 'forth with' എന്നാണ് പ്രമേയത്തിൽ പറഞ്ഞിരിക്കുന്നതു). സാദ്ധ്യമാണോ എന്നെല്ലാം നാം ആലോചിക്കേണ്ടിയിരിക്കുന്നു. ഈ നിയമസഭയിൽ ഒരു പ്രമേയം പാസാക്കുമ്പോൾ അതു വളരെ ആലോചിച്ചും സൂക്ഷിച്ചും ചെയ്യേണ്ടിയിരിക്കുന്നു. ഇവിടെ പാസാക്കുന്ന പ്രമേയത്തിലെ ഓരോ വാക്കും അർത്ഥമുള്ളതാണ്. ഈ പ്രമേയത്തിന് എത്രമാത്രം അർത്ഥവ്യാപ്തിയുണ്ട്, ഇതു് ഏതെല്ലാംവിധത്തിൽ വ്യാഖ്യാനിക്കപ്പെടാം എന്നിങ്ങനെയുള്ള കാര്യങ്ങളെല്ലാം ഗാഢമായി ചിന്തിച്ചും ഇതിലെ ഓരോ വാക്കും സൂക്ഷ്മമായി പരിശോധിച്ചും വേണം ഈ പ്രമേയം അംഗീകരിക്കാൻ. ഞാൻ ഈ പ്രമേയത്തെക്കുറിച്ച് അഭിപ്രായം പറയാൻ കുറച്ചു താമസിച്ചതുതന്നെ ഈ അഞ്ചേക്കർ വീതിച്ചുകൊടുക്കുന്നതു് എങ്ങനെയാണെന്ന് ആലോചിച്ചുകൊണ്ടിരുന്നതുകൊണ്ടാണ്. എന്നെ സംബന്ധിച്ചാണെങ്കിൽ, ഇരുപത്തഞ്ചേക്കറിൽ കൂടുതൽ ഉള്ളതെല്ലാം എടുത്തു അഞ്ചേക്കർ വീതിച്ചുകൊടുക്കുന്നതിൽ എനിക്ക് യാതൊരു വിരോധവുമില്ല. അതു് എത്രമാത്രം പ്രായോഗികമാണെന്നാണ് ഞാൻ നോക്കുന്നതു്. ഭൂമിയെ സംബന്ധിച്ച് നിശ്ചിതമായ ഒരു നയം വേണമെന്ന് സകലരും പറയുന്നുണ്ട്. അതാവശ്യമാണ്, ഉടനടിതന്നെ ആലോചിച്ചു തീരുമാനിക്കേണ്ടതുമാണ്. അതു് നാം ഇനിയും തീരുമാനിച്ചിട്ടില്ല. ഭൂമി മുഴുവൻ ഭേദിയമാക്കിയിട്ട് കൃഷിക്കാർക്കു കൊടുത്തു് കൃഷി ചെയ്യാൻ അനുവദിക്കുകയാണോ വേണ്ടതു്, അതല്ലാ കൃഷിക്കാരുടെ കൈവശമുള്ള ഭൂമികൂടി കൂട്ടിച്ചേർത്തു് ഗവണ്മെൻറ് എടുക്കാതെതന്നെ സഹകരണാടിസ്ഥാനത്തിൽ കൂട്ടുകൃഷി ചെയ്യുന്ന ഒരു സമ്പ്രദായം സ്വീകരിക്കുകയാണോ വേണ്ടതെന്നും ഇനിയും തീരുമാനിച്ചിട്ടില്ല. ഭൂമിയെ സംബന്ധിച്ചുള്ള

LIBRARY ARCHIVES Kerala Legislative Assembly

ഒരു പ്രമേയം ചർച്ച ചെയ്യുമ്പോൾ ഈ കാര്യങ്ങളെല്ലാം നാം ഓർമ്മിക്കണം. ഭൂമിയെ സംബന്ധിച്ച് വ്യക്തമായ ഒരു ധാരണയില്ലാതെ ഏതെങ്കിലും പ്രമേയം അംഗീകരിക്കുന്നത് ശരിയല്ല. ഇവിടെ ചില മെമ്പർന്മാർ പ്രസംഗിച്ചതുകേട്ടാൽ തോന്നും, ഈ ഭൂമി വിതരണം എന്നു പറയുന്നത് കുറച്ച് അരിയും എടുത്ത് കുഞ്ഞുങ്ങൾക്ക് കഷണം കഷണമായിട്ട് മുറിച്ചുകൊടുക്കുന്നതുപോലെ എളുപ്പത്തിൽ ചെയ്യുകയാവുന്ന ഒരു എർപ്പാടാണെന്ന്. ഭൂമിയെ സംബന്ധിച്ച് ഏറ്റവും വിഷമ പ്രശ്നം ഭൂമിയുടെ ശിഥിലീകരണം fragmentation of holding ആണ്. ഭൂമിക്ക് ശിഥിലീകരണം സംഭവിക്കുന്നതുകൊണ്ട് ആദായകരമായി കാര്യക്ഷമമായ രീതിയിൽ കൃഷി നടത്തുവാൻ സാധിക്കുന്നില്ല. ഇൻഡ്യയെ സംബന്ധിച്ചിടത്തോളം ഇതു് ഒരു വമ്പിച്ച പ്രശ്നമായി തീർന്നിട്ടുണ്ട്.

MR. MANNATHU PADMANABHA PILLAI : പാക്കാൻ സ്ഥലം വേണമെന്ന് അഭിപ്രായമുണ്ടോ?

MR. A. P. UDAYA BHANU : വല്ലവരുടേയും സ്ഥലത്തു് സുഖമായിട്ട് താമസിക്കാമെങ്കിൽ അതിന് എനിക്കു് യാതൊരു വിരോധവുമില്ല.

ഭൂമിയെ സംബന്ധിച്ച ഏറ്റവും വലിയ വിഷമപ്രശ്നം ശിഥിലീകരണമാണെന്നിരിക്കെ ഈ പ്രമേയം ശിഥിലീകരണത്തെ തടയുകയാണോ സഹായിക്കുകയാണോ ചെയ്യുന്നതു് എന്നും നാം ആലോചിക്കണം.

DR. M. O. CHERIYAN : ഭൂമി കുടിയാനിൽ മാത്രം വീതിച്ചിട്ട് ആകെക്കിലും ഒരുമിച്ച് പാട്ടത്തിനു കൊടുത്താൽ പോരെ?

MR. A. P. UDAYA BHANU : ബഹുമാനപ്പെട്ട മെമ്പർ പറയുന്നതെന്താണെന്ന് എനിക്കു ശരിയായിട്ട് മനസ്സിലാകുന്നില്ല. ഇരുപത്തഞ്ചേക്കറെന്നോ പത്തേക്കറെന്നോ പരമാവധി ക്ലിപ്തം ചെയ്യുന്നതിൽ എനിക്ക് യാതൊരു വിരോധവുമില്ല. എന്നാൽ ഈ പ്രമേയം അംഗീകരിച്ചു സ്വീകരിക്കുന്നതിനുമുൻപ് നാം മറ്റുചില സംഗതികളും സ്വീകരിക്കേണ്ടതായിട്ടുണ്ട്. ഭൂമിയുടെ ശിഥിലീകരണംകൊണ്ട് കൃഷി അസാമ്പത്തികമായിത്തീരുന്നു എന്നു നാം ഓർമ്മിക്കണം. ഭൂമിയെ സംബന്ധിച്ച് ഒരു നയം രൂപീകരിക്കുമ്പോൾ നമ്മുടെ ഭൂമി സാമ്പത്തികമായ holdings ആയിരിക്കാനാണ് നാം നോക്കേണ്ടതു്. ഇപ്പോൾതന്നെ ശിഥിലമായി കിടക്കുന്ന ഭൂമിയെ ഇനിയും ശിഥിലമാക്കാനുള്ള ഒരു പദ്ധതിയെപ്പറ്റി നമുക്ക് ആലോചിക്കുവാൻപോലും നിവൃത്തിയില്ല. ഈ സാമ്പത്തികമായ ഭൂമി വിഭജനത്തെ ശക്തിയായി തടയേണ്ടതാണ്. ഭൂമി സംബ്

LIBRARY ARCHIVES Kerala Legislative Assembly

[Mr. A. P. Udayabhanu]

ന്ധിച്ച പ്രശ്നങ്ങളുടെ നാനാവശങ്ങളേയും പരിചിന്തിച്ച് പ്രായോഗികമായ ഒരു നയം രൂപീകരിച്ചിട്ടുവേണം നാം നിയമമുണ്ടാക്കാൻ. ഈ പ്രമേയത്തിൽ പറയുന്ന കാര്യം അപ്രായോഗികവും ഭൂമി ശിഥിലീകരണത്തെ സഹായിക്കുന്നതുമാണെന്നുള്ളതുകൊണ്ട് ഈ പ്രമേയം ഇതേപടി സ്വീകാര്യമല്ലെന്നതന്നെ ഞാൻ അഭിപ്രായപ്പെടുന്നു.

Mr. P. C. ADICHAN: സർ, ഇവിടെ അവതരിപ്പിച്ചിരിക്കുന്ന പ്രമേയത്തിന്റെ തത്വത്തോട് ഞാൻ അനുകൂലിക്കുകയാണ് ചെയ്യുന്നത്. ബഹുമാനപ്പെട്ട ഗവണ്മെന്റു മേഖലയിൽനിന്നും ഇന്നു രാവിലെ ഒരു ചോദ്യത്തിനുത്തരമായി ൨൫ ഏക്കറോ അതിൽ കൂടുതലോ സ്ഥലം ഉള്ളവരായി ൪൨൨൩൦, ൫൦ ഏക്കറോ അതിൽകൂടുതലോ ഉള്ളവരായി ൧൭൪൦ ൧൦൦ ഏക്കറോ അതിൽ കൂടുതലോ ഉള്ളവരായി ൯൨൩൦ പട്ടാദാരന്മാർ ഉണ്ടെന്നു പറയുകയുണ്ടായി. ആ കണക്കുവച്ചുനോക്കുമ്പോൾ തിരുവിതാംകൂറിൽ ആകപ്പാടെ ൨൫ ഏക്കറോ കൂടുതലോ സ്ഥലമുള്ളവർ ഒന്നരമ്പതു ആണെന്നു കാണാം. ൧൫ ലക്ഷത്തോളം ആളുകൾ താമസിക്കുന്ന ഈ രാജ്യത്തുള്ള സ്ഥലമെല്ലാം വെറും ഒന്നരമ്പതു പേരാണ് വെച്ചുകൊണ്ടിരിക്കുന്നത്. അതുകൊണ്ട് ഈ രാജ്യത്ത് ഒരു ലാൻഡ് പോളിസി ഉണ്ടാക്കി ഒരു ക്ലിപ്തമായ വിസ്തീർണ്ണത്തിൽ കൂടുതൽ സ്ഥലം വെച്ചുകൊണ്ടിരിക്കുന്നതിനെയെല്ലാം ഗവണ്മെന്റ് എടുത്തു സാധുക്കളായ ആളുകൾക്ക് കൊടുക്കുന്നത് ഒരു നല്ലകാര്യംതന്നെയാണ്. എന്നാൽ ഈ അവസരത്തിൽ ഒരു കാര്യം ഇവിടെ പറയണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. ഒരു കൂടിയിറക്ക് നിരോധനബിൽ ഇവിടെ വന്നപ്പോൾ അതു ദോഷകരമാണെന്ന് ചില ബഹുമാനപ്പെട്ട മെമ്പറന്മാർ അഭിപ്രായപ്പെടുകയുണ്ടായി.

Mr. PRESIDENT: ഈ പ്രമേയത്തെപ്പറ്റി മാത്രം പറഞ്ഞാൽ മതിയാകും.

Mr. P. C. ADICHAN: എല്ലാവർക്കും ഒരുപോലെ സ്ഥലസൗകര്യം ഉണ്ടാക്കുന്നതിനുതകുന്ന ഒരു ബില്ലാണ് അത്. ഇന്ന് ജന്മിമാരും കുടിപാർപ്പുകാരുമായി സ്നേഹമായി കഴിയുകയാണെന്നും ഇങ്ങനെ ഒരു ബില്ല് പാസാക്കുന്നപക്ഷം അവർതമ്മിൽ വിരോധമുണ്ടാകുന്നതിനു ഇടയാകുമെന്നും ഇവിടെ ചിലർ പറയുകയുണ്ടായി. എത്രയോ കൊല്ലക്കാലമായി സ്നേഹിച്ചും, താനും തന്റെ കുടുംബവും സർവസുഖങ്ങളും ഉപേക്ഷിച്ച് ജന്മിക്കുവേണ്ടി പ്രവർത്തിച്ചുപോന്നിട്ട ഒരു

LIBRARY ARCHIVES Kerala Legislative Assembly

കുടിയാൻസ് കുടികെട്ടി പാർക്കാൻ രണ്ടോ മൂന്നോ സെൻറ് സ്ഥലം സ്വന്തമായി കൊടുക്കണമെന്ന് പറയുമ്പോൾ ആ സ്ഥലം പൊയ് പ്പോകുമെങ്കിൽ അതു പോകണമെന്നതന്നെയാണ് ഞാൻ പറയുന്നതു, ഈ മാതിരി സാധുക്കളെ വച്ചുകൊണ്ടു് അവർക്ക് ആഹാരവും കുടികെട്ടികിടക്കാൻ സ്ഥലവും പോലും കൊടുക്കാതെ ഇവിടെ ഏതു കാര്യത്തിനും രണ്ടുനായരും, രണ്ടീഴവനും, രണ്ടു ക്രിസ്ത്യാനിയും മാത്രം മതിയെന്ന വയ്ക്കുകയാണെങ്കിൽ അവർ അവിടെ കിടന്നു നശിച്ചു കൊള്ളട്ടെ. അവരുടെ നിരാശയിൽ നിന്നും രൂപമെടുക്കുന്ന ഒരു പുതിയ വ്യവസ്ഥിതി അവർക്ക് സമാധാനം നൽകുമെന്ന് എനിക്കറിയാം. എന്നാൽ അവർക്കും കുടികെട്ടി കിടക്കുന്നതിനുള്ള ഒരു നില ഉണ്ടാക്കണമെന്നുള്ള ഉദ്ദേശമാണ് ഈ പ്രമേയത്തിനുള്ളതെന്ന് വിശ്വസിച്ചുകൊണ്ട് ഞാൻ ഈ പ്രമേയത്തെ അനുകൂലിക്കുന്നു.

MR. C. NARAYANA PILLAI : അർദ്ധസത്യങ്ങളും അർദ്ധതത്വങ്ങളും അടങ്ങിയ ഒരു പ്രമേയമാണ് എന്റെ സ്നേഹിതൻ മി. കെ. പി. നീലകണ്ഠപിള്ള സഭയുടെ അംഗീകാരത്തിനായി കൊണ്ടുവന്നിട്ടുള്ളത്. ആ ദ്ദേഹത്തിന്റെ പ്രസംഗം ഞാൻ വളരെ ശ്രദ്ധയോടുകൂടി കേട്ടുകൊണ്ടിരിക്കുകയായിരുന്നു. ആ പ്രസംഗത്തിൽനിന്നും ഞാൻ മനസ്സിലാക്കിയതു് ഈ പ്രമേയം ഇവിടെ പാസ്സാക്കുകയാണെങ്കിൽ നാം സോഷ്യലിസത്തിലേക്ക് ഒരുപടികൂടി പുരോഗമിക്കുകയായിരിക്കുമെന്നാണ്. അദ്ദേഹത്തിന്റെ പ്രസംഗം കേട്ടാൽ വളരെ പുരോഗമനപരമായ ഒരു അഭിപ്രായമാണ് ഇതെന്നു തോന്നിപ്പോകും. എന്നാൽ ഭൂമി ഉടമസ്ഥാവകാശം തുല്യനിലയിൽ രാജ്യത്തെ എല്ലാ ആളുകൾക്കുമായി വീതിച്ചുകൊടുക്കുന്ന ഒരു സോഷ്യലിസം എന്റെ അറിവിൽ ലോകത്തെങ്ങും നടപ്പില്ല. ഭൂമിയുടമസ്ഥാവകാശം ഏക്കർ സെൻറ് കണക്കാക്കി ആളുകൾക്ക് വീതിച്ചു കൊടുക്കുകയെന്നുള്ളതല്ല സോഷ്യലിസം.

MR. K. P. NILAKANTA PILLAI: സോഷ്യലിസമാണെന്നു ഞാൻ പറഞ്ഞില്ല.

MR. C. NARAYANA PILLAI : ഇതു് സോഷ്യലിസത്തിലേക്ക് പുരോഗമിക്കാനുള്ള ഒരു പ്രമേയം അല്ലെന്നുമാത്രമല്ല, മാർക്സിസം എൻജൽസിസം അപകീർത്തികരമായ ഒരു പ്രമേയവും കൂടിയാണെന്നാണ് ഞാൻ പറയുന്നതു്. ഭൂമി ഉൾപ്പെടെയുള്ള എല്ലാ ഉൽപ്പാദനോപകരണങ്ങളും ദേശീയമാക്കി ഉൽപ്പന്നങ്ങൾ ക്രമപ്രകാരം വിതരണം ചെയ്യുന്ന ഒരു സമ്പ്രദായമാണ് സോഷ്യലിസം എന്നാണ് ഞാൻ മനസ്സിലാക്കിയിട്ടുള്ളതു്.

LIBRARY ARCHIVES Kerala Legislative Assembly

MR. K. P. NILAKANTA PILLAI : ഭഗവാൻ കാറൽ മാർക്ക്സിനെ വിചാരിച്ചോ സോഷ്യലിസ്റ്റുകാരെ വിചാരിച്ചോ അല്ല ഞാൻ ഈ പ്രമേയം അവതരിപ്പിച്ചിരിക്കുന്നതെന്ന് നേരത്തെ പറഞ്ഞല്ലോ ?

MR. C. NARAYANA PILLAI : നമുക്ക് ഒരു സ്ഥിതിസമത്വം തിരുവിതാംകൂറിൽ നടപ്പിൽ വരുത്തണമെന്ന് ഉദ്ദേശമുണ്ടെങ്കിൽ ഈ പ്രമേയം ഒരു മിനിട്ടുപോലും താമസിയാതെ സ്വീകരിക്കണമെന്നാണ് ഈ പ്രമേയത്തിന്റെ ഉദ്ദേശ്യമാകുന്നത്. ആ ശ്രീമാൻ കെ. പി. നീലകണ്ഠപ്പിള്ള പ്രസംഗിച്ചത്. ഞാൻ പറയുന്നതു് ഇങ്ങനെ നിരർത്ഥകമായ ഒരു പ്രമേയം കൊണ്ടു് സോഷ്യലിസത്തിലേക്ക് പുരോഗമിക്കാമെന്ന് വിചാരിക്കുന്നതു് വെറും മൗഢ്യമാണെന്നാണ്. അതിലേക്ക് ഇൻഡ്യൻ നാഷണൽ കാൺഗ്രസ് നിർദ്ദേശിച്ചിട്ടുള്ള പദ്ധതികളം മാത്രമെ നമുക്കു സ്വീകര്യമായിട്ടുള്ളു. സെൻട്രൽ ഗവണ്മെൻറിലേയും ഇൻഡ്യൻ നാഷണൽ കാൺഗ്രസ്സിലേയും ചിന്താശക്തിയുള്ള ആളുകളം ആലോചിച്ചു് ഒരു കോവാപ്പറേറീവു കാമൺവെൽത്തുപദ്ധതി നമ്മുടെ മുമ്പിൽ വച്ചിട്ടുണ്ടു്. ഭൂമി ആരുടെയും സ്വന്തമായിരിക്കുകയില്ലെന്നും അതു മുഴുവൻ സമുദായത്തിന്റെ ഉടമയിൽ ആയിരിക്കുമെന്നുമാണു് ആ പദ്ധതിയിൽ നിർദ്ദേശിച്ചിട്ടുള്ളതു്. ഭൂമിയെ സ്വകാര്യ ഉടമയിൽനിന്നും വിമോചിപ്പിച്ചു സഹകരണാടിസ്ഥാനത്തിൽ കൃഷി ചെയ്യുവാനും അതിൽനിന്നു കിട്ടുന്ന വിഭവങ്ങളം ആവശ്യമനുസരിച്ചു് ആളുകൾക്കു് വിതരണം ചെയ്യുവാനും സാധിക്കുന്ന ഒരു പദ്ധതിയാണു് ഇൻഡ്യൻ നാഷണൽ കാൺഗ്രസ്സിന്റെ ഭാവനയിലുള്ളതു്.

MR. K. K. CHELLAPPAN PILLAI : ആ പദ്ധതിയിൽ ഭൂമി ഉടമക്കു് വല്ല ക്ലിപ്തതയുമുണ്ടോ?

MR. C. NARAYANA PILLAI : സഹകരണാടിസ്ഥാനത്തിൽ കൂട്ടുകൃഷി ചെയ്യാനുള്ള ഒരു പദ്ധതിയാണു് ഇൻഡ്യൻ നാഷണൽ കാൺഗ്രസ് വിഭാവനംചെയ്തു പ്രസിദ്ധീകരിച്ചിട്ടുള്ളതു്. ഇൻഡ്യയിലെ സാമ്പത്തികവിദഗ്ദ്ധന്മാർ ഈ പദ്ധതിയെപ്പറ്റി ചർ മണിക്കൂറും ആലോചന നടത്തി അതു വേഗത്തിൽ പൂർത്തിയാക്കിക്കൊണ്ടിരിക്കുകയാണു്. ഇൻഡ്യയിലെ അസമത്വങ്ങളം അവസാനിക്കുവാൻ പറ്റിയ ഒരു പദ്ധതി അതൊന്നുമാത്രമാണു്. തിരുവിതാംകൂറിലും ഒരു ലാൻറുകമ്മിറ്റി പ്രവർത്തിക്കുന്നുണ്ടെന്നു് എനിക്കറിയാം. എന്നാൽ വിദഗ്ദ്ധന്മാരടങ്ങിയ ഒരു കമ്മറ്റിയല്ല അതു്. ഭൂമിവിതരണകാര്യത്തിൽ വേണ്ടുവോളം വൈദഗ്ദ്ധ്യമോ പരിജ്ഞാനമോ ഉള്ള ആളുകളല്ല ആ കമ്മിറ്റിയിൽ പ്രവ

LIBRARY ARCHIVES Kerala Legislative Assembly

ത്തിക്കുന്നത്. അതുകൊണ്ട് എനിക്ക് പറയാനുള്ളത് തിരുവിതാംകൂറിൽ ഭൂമി വിതരണം ചെയ്യുന്ന കാര്യം വിദഗ്ദ്ധന്മാരടങ്ങിയ ഒരു കമ്മറ്റിയെ സംഘടിപ്പിച്ച് അവരെ ഏൽപ്പിച്ച് ഈ പ്രശ്നത്തിന് പരിഹാരമുണ്ടാക്കണമെന്നാണ്. അതല്ലാതെ ഭൂമി എല്ലാം അളന്ന് ഒരേക്കറിൽ കൂടുതലുള്ളവരുടെ കയ്യിൽനിന്ന് അതെല്ലാം പിടിച്ചെടുത്ത് ഭൂമിയില്ലാത്ത ആളുകൾക്ക് ഓരോ ഏക്കർവീതം വീതിച്ചുകൊടുത്തിട്ട് തികയാതെവന്നാൽ ബാക്കിയുള്ളവരോട് നാടുവിട്ട് പൊയ്ക്കോള്ളുവാൻ പറയുന്നത് സോഷ്യലിസമല്ലെന്നു മാത്രമല്ല ആ പ്രസ്താവനപോലും മാർക്സിനും എൻജൽസിനും അപകീർത്തികരവുംക്രൂരിയാണ്. അതുകൊണ്ട് ഞാൻ പറയുന്നത് ഈ പ്രമേയം സഭീകരിക്കുന്നത് ഈ സഭയ്ക്കു തന്നെ ആക്ഷേപകരമായിരിക്കുമെന്നും സോഷ്യലിസത്തിനും മാർക്സിസത്തിനും അത് വിരുദ്ധമായിരിക്കുമെന്നും ആണ്.

HON'BLE MR. T. K. NARAYANA PILLAI : സ്വകാര്യസ്വത്തുടമയെ നിയന്ത്രിക്കേണ്ടതിന്റെ ആവശ്യതകളെപ്പറ്റി ഗവണ്മെന്റിന്റെ ശ്രദ്ധയിൽകൊണ്ടുവരണമെന്നാണ് ഈ പ്രമേയത്തിന്റെ ഉദ്ദേശമെങ്കിൽ ആ പ്രധാന തത്വം ഇതിനകംതന്നെ ഗവണ്മെന്റ് സ്വീകരിച്ചിട്ടുണ്ട്. ഇന്ന് നിലവിലിരിക്കുന്ന സാമ്പത്തികമായ ഉച്ചനീചത്വങ്ങളെ ഗവണ്മെന്റിന്റെ കഴിവുകൾക്കു വിധേയമായി നിർമ്മാർജ്ജനം ചെയ്യേണ്ടത് ആവശ്യമാണെന്നുള്ള പ്രധാനതത്വവും ഗവണ്മെന്റ് സ്വീകരിച്ചിട്ടുണ്ട്. കോൺഗ്രസ് പ്രകടനപത്രികയിൽനിന്നും ചില ഭാഗങ്ങൾ ഉദ്ധരിച്ചുകൊണ്ട് ഈ പ്രമേയപ്രയോക്താവ് ഈ സഭയുടെ ശ്രദ്ധയിൽ ചില സംഗതികൾ കൊണ്ടുവരുകയുണ്ടായി. പ്രകടനപത്രികയിലെ എല്ലാ വാഗ്ദാനങ്ങളും ഗവണ്മെന്റിന്റെ സാധ്യതകൾക്കുള്ളിൽവച്ചുകൊണ്ട് നടപ്പിൽ വരുത്തണമെന്നതന്നെയാണ് ഗവണ്മെന്റുദ്ദേശിക്കുന്നത്. അതിൽ യാതൊരു കൃത്യവിലോപവും ഇതുവരെ ഉണ്ടായിട്ടില്ലെന്നു പറയുവാനും ഞാൻ ആഗ്രഹിക്കുന്നു. വികാരനിർഭരമായ ചില പ്രസംഗങ്ങൾ കേൾക്കുവാൻ എനിക്ക് ഇടയായി. അത് എന്നെ സന്തുഷ്ടചിത്തനാക്കുകയും ചെയ്തുണ്ട്. ഈ മാതിരിയുള്ള പ്രസംഗങ്ങൾ പല പ്രസംഗവേദികളിലും പല മാന്യന്മാരും നേതാക്കന്മാരും ചെയ്തിട്ടുണ്ടെന്നുള്ള സംഗതിയും എനിക്ക് നല്ലപോലെ അറിയാവുന്നതാണ്. ഇന്ന് തിരുവിതാംകൂറിൽ മാത്രമല്ല ഭാരതഭൂമിയെത്തന്നെ ഉറ്റുനോക്കിക്കൊണ്ടിരിക്കുന്ന പ്രശ്നം സാമ്പത്തികമായിട്ടുള്ളതാണെന്ന് ഗവണ്മെന്റിനും നല്ലപോലെ അറിയാവുന്നതാണ്. സാമുദായികവാദങ്ങൾ കൊണ്ടുവന്ന

LIBRARY ARCHIVES Kerala Legislative Assembly

[Hon'ble Mr. T. K. Narayana Pillai]

സാധുജനങ്ങളുടെ ദൃഷ്ടിയെ സാമ്പത്തികവിഷയത്തിൽനിന്നും തിരിക്കുന്നതിന് ചില ശ്രമങ്ങൾ ഇപ്പോൾ നടക്കുന്നുണ്ടെന്നുള്ള സംഗതിയും ഗവണ്മെൻറിന് നല്ലപോലെ അറിയാം. സ്വകാര്യ ഉടമയെ എല്ലാവിധത്തിലും ഗവണ്മെൻറിന്റെ സാമ്പത്തികമായ കഴിവുകൾക്കു വിധേയമായി നിയന്ത്രിക്കേണ്ടതിന്റെ ആവശ്യത്തെ പൂരിപ്പിച്ചാണ് ഗവണ്മെൻറിൽ നിന്നും ഇതിനകംതന്നെ ഒരു ലാൻറ് കമ്മിറ്റിയെ രൂപീകരിച്ചിട്ടുള്ളത്. ആ ലാൻറ് കമ്മിറ്റിയിലേക്കുള്ള terms of reference വായിക്കുന്ന എല്ലാവർക്കുംതന്നെ കാൺഗ്രസ്സിന്റെ പ്രകടനപത്രികയിൽ വാഗ്ദാനം ചെയ്തിട്ടുള്ള കാര്യങ്ങൾ നടപ്പിൽ വരുത്തുന്നതിനുള്ള സാദ്ധ്യതകളെപ്പറ്റി അന്വേഷിക്കുന്നതിനായിട്ടാണ് ആ കമ്മിറ്റിയെ നിയോഗിച്ചിട്ടുള്ളതെന്നു വളരെ വേഗത്തിൽ മനസ്സിലാക്കാൻ സാധിക്കുന്നതാണ്. അങ്ങിനെയൊരു ലാൻറ് കമ്മിറ്റി ഇന്ന് ഇവിടെ വാദവിഷയമായിരിക്കുന്ന ഈ പ്രമേയത്തിന്റെ അടിസ്ഥാനതത്വങ്ങളെപ്പറ്റി വേണ്ട അന്വേഷണങ്ങൾ നടത്തിയും തെളിവുകൾ ശേഖരിച്ചും ആവശ്യമായ നിർദ്ദേശങ്ങൾ ഗവണ്മെൻറിന്റെ മുമ്പിൽ സമർപ്പിക്കുന്നതിനു പ്രവർത്തനം ഒതുക്കിഭിച്ചുകഴിഞ്ഞിട്ടുണ്ട്. ആ കമ്മിറ്റി ഒരു വ്യവഹാരകമ്മിറ്റിയല്ല എന്നൊരു ആക്ഷേപം എന്റെ സ്നേഹിതൻ ശ്രീമാൻ സി. നാരായണപിള്ള അവർകൾ പുറപ്പെടുവിക്കയുണ്ടായി. ആ കമ്മിറ്റിയിലെ എല്ലാ അംഗങ്ങളും വിദഗ്ദ്ധന്മാരാണെന്നു ഗവണ്മെൻറ് വിചാരിക്കുന്നില്ല. ഈ നിയമസഭയിലുള്ള അംഗങ്ങളിൽനിന്നും പ്രധാനപ്പെട്ട ഏതാനും അംഗങ്ങളെയാണ് ആ കമ്മിറ്റിയിലേക്കു തെരഞ്ഞെടുത്തിട്ടുള്ളത്. തിരുവിതാംകൂറിലെ എല്ലാ സ്ഥിതിഗതികളും അവർക്ക് നല്ലപോലെ അറിയാവുന്നതുമാണ്.

PRESIDENT : ആർഡർ, ആർഡർ. ഈ സഭ ഇപ്പോൾ പിരിയുന്നതും തിങ്കളാഴ്ച രാവിലെ ഫരീദ മണിക്കു വീണ്ടും കൂടുന്നതുമാണ്.

(സഭ ർ-ന് ം -ന് പിരിഞ്ഞു.)

V. KRISHNAMOORTHI AIYAR,
Secretary to the Legislative assembly.

LIBRARY ARCHIVES Kerala Legislative Assembly